## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2366** **23.3.2012-ൽ മറുപടിക്ക്**

### സുസ്ഥിര നഗരവികസന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.എ.മാധവൻ : | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാന സർക്കാർ സുസ്ഥിര നഗരവികസന പദ്ധതിയിൽ ഉൾപ്പെടുത്തി എ.ഡി.ബി.യിൽ നിന്നും എത്ര തുകയാണ് വായ്പയെടുത്തത് എന്ന് അറിയിക്കാമോ ; | എ) | കേരള സർക്കാർ സുസ്ഥിര നഗരവികസന പദ്ധതിയിൽ ഉൾപ്പെടുത്തി എ.ഡി.ബി.യിൽ നിന്നും 221.2 മില്യൻ അമേരിക്കൻ ഡോളർ (995.4 കോടി രൂപ) ആണ് വായ്പയെടുത്തിട്ടുള്ളത്. |
| ബി) | പ്രസ്തുത വായ്പ എന്നാണ് ലഭിച്ചതെന്നും ആയത് ചെലവഴിക്കേണ്ട കാലാവധി ഏതെന്നും അറിയിക്കുമോ ; | ബി) | പ്രസ്തുത വായ്പ മുൻകൂറായി ലഭിക്കുന്നില്ല. ടി തുക സംസ്ഥാന സർക്കാർ ഫണ്ട് ചെലവഴിക്കുന്ന മുറയ്ക്ക് കേന്ദ്രസർക്കാർ മുഖേന റി-ഇംപേഴ്സ്മെന്റായാണ് ലഭ്യമാക്കുന്നത്. 2012 ജൂൺ 30 വരെയാണ് വായ്പ തുക ചെലവഴിക്കേണ്ട കാലാവധിയായി അനുവദിച്ചിട്ടുള്ളത്. |
| സി) | 2011 മാർച്ചുവരെ ഈ വായ്പയിൽ എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ ; | സി) | 2011 മാർച്ച്വരെ ഈ വായ്പയിൽ നിന്നും 331 കോടി രൂപ പദ്ധതി നിർവ്വഹണത്തിനായി ചെലവഴിച്ചിട്ടുണ്ട്. |
| ഡി) | പ്രസ്തുത വായ്പ ഉപയോഗപ്പെടുത്തി ഏതെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തതെന്ന് അറിയിക്കുമോ ; | ഡി) | പ്രസ്തു വായ്പ ഉപയോഗപ്പെടുത്തി അഞ്ചു നഗരസഭകളിലായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഇ) | 2011 മാർച്ചുവരെ ഈ വായ്പയിലെ നിബന്ധനകൾ പാലിക്കാത്തതു മൂലം പിഴ അടയ്ക്കേണ്ടി വന്നിട്ടുണ്ടോ; | ഇ) | ഉണ്ട്. |

| | | | |
|---|---|---|---|
| എഫ്) | ഉണ്ടെങ്കിൽ എത്ര തുകയാണ് പിഴയായി അടച്ചതെന്ന് അറിയിക്കുമോ ;<br><br>കണക്കാക്കി ബന്ധപ്പെട്ടവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ ? | എഫ്) | 2011 മാർച്ച് മാസംവരെ ചെലവഴിക്കാത്ത തുകയിന്മേൽ 19 കോടി രൂപ കമ്മിറ്റ്മെന്റ് ചാർജ് ഇനത്തിൽ എഡിബി വസൂലാക്കിയിട്ടുണ്ട്.<br><br>നടപ്പിലാക്കാൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് കമ്മിറ്റ്മെന്റ് ചാർജ് നൽകേണ്ടി വന്നത്. ആയതിനാൽ കമ്മിറ്റ്മെന്റ് ചാർജ് നൽകുന്നത് അഴിമതിക്കു തുല്യമായി കണക്കാക്കാനാവില്ല. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

പാർട്ട് എ) അടിസ്ഥാനസൗകര്യ വികസനം.

| പ്രവൃത്തികൾ | തിരുവനന്ത പുരം | കൊല്ലം | കൊച്ചി | തൃശൂർ | കോഴി ക്കോട് | ആകെ (കോടി) |
|---|---|---|---|---|---|---|
| സിവറേജ് | 77.25 | 52.70 | 92.79 | 0.75 | 56.84 | 280.31 |
| ഡ്രെയിനേജ് | 6.31 | 8.03 | 13.76 | 27.41 | 28.14 | 83.65 |
| റോഡ് നവീകരണം | 24.09 | 15.31 | 23.56 | 28.61 | 34.74 | 126.31 |
| ജലവിതരണം | 00 | 40.05 | 41.94 | 45.18 | 00 | 127.17 |
| ഖരമാലിന്യ സംസ്കരണം | 00 | 6.90 | 12.96 | 5.74 | 7.34 | 32.94 |
| ലാന്റ് അക്വിസിഷൻ | 00 | 6.53 | 00 | 00 | 00 | 6.53 |
| ആകെ | 107.65 | 129.52 | 185.01 | 107.69 | 127.06 | 656.91 |

പാർട്ട് ബി) നഗരസാമൂഹ്യവികസനം – 101.25 കോടി രൂപ.

പാർട്ട് സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസന ഫണ്ട് രൂപീകരണം – 243.50 കോടി രൂപ.

പാർട്ട് ഡി) നഗരസഭകളുടെ കാര്യശേഷി കെട്ടിപ്പടുക്കലും പദ്ധതി മാനേജ്മെന്റും – 78.80 കോടി രൂപ.

സെക്ഷൻ ഓഫീസർ